# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : *209 23-01-2014-ൽ മറുപടിക്ക്

### വൻകിട വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി<br>" പി. തിലോത്തമൻ<br>" ജി. എസ്. ജയലാൽ<br>" മുല്ലക്കര രത്നാകരൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി.) |
| (എ) വൻകിട വൈദ്യുതി ഉപഭോക്താക്കൾക്ക് പ്രോത്സാഹനമായി നിരക്ക് ഇളവ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ എന്തെങ്കിലും ആലോചനയിലുണ്ടോ ; | (എ) ഉണ്ട്.<br>വൈദ്യുതി ചാർജ്ജ് കൃത്യ സമയത്ത് തന്നെ പിരിച്ചെടുക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിന്, ഇൻവോയ്സ് പ്രകാരം ബിൽ അടക്കേണ്ട തീയതിക്ക് ഏഴ് ദിവസം മുൻപേ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്ന ഉപഭോക്താക്കൾക്ക്, വൈദ്യുതി ബില്ലിൽ 0.2 ശതമാനം ഇളവ് അനുവദിക്കണമെന്ന് വൈദ്യുതി ബോർഡ് റഗുലേറ്ററി കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.<br>കൂടാതെ, വൈദ്യുതി ചാർജ്ജ്, വൈദ്യുതി ബില്ല് നൽകുന്നതിന് മുൻപ് തന്നെ, മുൻകൂറായി നൽകുന്ന ഉപഭോക്താക്കൾക്ക്, മുൻകൂറായി അട- |

യ്യുന്ന തുകക്ക്, ഓരോ മാസവും 0.7 ശതമാനം നിരക്കിൽ പലിശ നൽകുന്നതിനും റഗുലേറ്ററി കമ്മീഷനോട് ശുപാർശ ചെയ്തിട്ടുണ്ട്.

മറ്റ് ഇളവുകൾ ഒന്നും തന്നെ കൂട്ടതലായി നൽകുന്നതിന് വൈദ്യുതി ബോർഡ് കമ്മീഷനോട് ശുപാർശ ചെയ്തിട്ടില്ല.

| | | | |
|---|---|---|---|
| (ബി) | ലോഡ് ഫാക്ടർ ഇൻസന്റീവായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഇപ്പോൾ ഒന്നും ഇല്ല |
| (സി) | ഈ പദ്ധതി നടപ്പാക്കിയാൽ എത്ര പേർക്ക് ആനുകൂല്യം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ; | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ